"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നും പഠനയാത്രയുടെ ഭാഗമായി നടത്തിയ വിമാനയാത്രയും കിലയുടെ വിഹിതത്തിന് അധികമായി ചെലവഴിച്ച തുക ജില്ലാ പഞ്ചായത്ത് തനതുഫണ്ടിൽനിന്നും ചെലവഴിച്ച നടപടിയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.1068/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:- കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2023, 21.03.2024, 04.05.2024 എന്നീ തീയതികളിലെ പി8-6143/23 നമ്പർ കത്തുകൾ

**ഉത്തരവ്**

കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി ആസ്സാം, മേഘാലയ എന്നീ സംസ്ഥാനങ്ങളിലെ തദ്ദേശ സംവിധാനവും ഭരണ സംവിധാനവും ജനജീവിതവും കണ്ടു പഠിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ 27 ജനപ്രതിനിധികളും കിലയുടെ നിർദ്ദേശ പ്രകാരമുള്ള 4 ഉദ്യോഗസ്ഥരും 26.01.2024 മുതൽ 31.01.2024 വരെ പഠന സന്ദർശന യാത്ര നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മുതിർന്ന അംഗങ്ങൾക്ക് ദീർഘദൂര ട്രെയിൻ യാത്ര നടത്തുന്നതിന് ശാരീരിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാലും കൂടുതൽ ദിവസങ്ങൾ യാത്രയ്ക്കായി ചെലവഴിക്കേണ്ടി വരുമെന്നതിനാലും വിമാന യാത്രയാണ് ഉദ്ദേശിക്കുന്നതെന്നും ഒരാൾക്ക് യാത്ര ചെലവുൾപ്പെടെ ഒരു ദിവസത്തേയ്ക്ക് 5000/- രൂപ നിരക്കിൽ 5 ദിവസത്തേയ്ക്ക് ആകെ 25000/- രൂപയാണ് കിലയിൽ നിന്നും അനുവദിക്കുന്നതെന്നും എന്നാൽ ഒരാൾക്ക് 25000/- രൂപയിൽ അധികം വിമാനയാത്ര ചെലവ് കൂടി പ്രതീക്ഷിക്കുന്നതിനാൽ വിമാനയാത്രയ്ക്കുള്ള അനുമതിയും അധികമായി വരുന്ന തുക ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്നും പരാമർശ കത്തുകൾ പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നും ആസ്സാം, മേഘാലയ എന്നീ സംസ്ഥാനങ്ങളിൽ വിമാനമാർഗ്ഗം പഠനയാത്ര നടത്തിയതും, കിലയുടെ വിഹിതത്തിന് അധികമായി ചെലവഴിച്ച തുക ജില്ലാ പഞ്ചായത്ത് തനതുഫണ്ടിൽനിന്നും ചെലവഴിച്ച നടപടിയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

1) പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2) ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം

4) അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

5) ഐ&പി.ആർ(വെബ്&ന്യൂ മീഡിയ) വകുപ്പ്

6) സ്റ്റോക്ക് ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 20-06-2024 12:42:18

സെക്ഷൻ ഓഫീസർ